## ദിവ്യ ത്രിത്വം

**I. ദിവ്യ ത്രിത്വം മുഴുവൻ പുതിയനിയമത്തിന്റെയും ചട്ടക്കൂടായിരിക്കുന്നതുപോലെ തന്നെ, ദിവ്യ ത്രിത്വം പ്രവൃത്തികളുടെ പുസ്തകത്തിന്റെ ഘടനയാണ്; പ്രവൃത്തികളിലെ ഓരോ അധ്യായവും ദൈവത്തിന്റെ പുതിയനിയമ വ്യവസ്ഥ നിർവഹിക്കുന്നതിനുള്ള ദിവ്യ ത്രിത്വത്തിന്റെ പ്രവർത്തനത്തെ അനാവരണം ചെയ്യുന്നു**

- ത്രിയേക ദൈവം—പിതാവും, പുത്രനും, ആത്മാവും—പുത്രന്റെ ആരോഹണത്തിലും ആത്മാവിന്റെ പകർന്നു നൽകലിലും പൂർണ്ണമായി ഉൾപ്പെട്ടിരുന്നു
  - പുത്രൻ ആരോഹണം ചെയ്യുകയും, പിതാവ് അവനെ ഉയർത്തുകയും, ആത്മാവ് പകർന്നുനൽകപ്പെടുകയും ചെയ്തു
- യേശുവിന്റെ ആത്മാവ് പരിശുദ്ധാത്മാവാണെന്ന് വെളിപ്പെടുത്തിക്കൊണ്ട്, പ്രവൃത്തികൾ 16:6-7-ൽ പരിശുദ്ധാത്മാവിനെയും യേശുവിന്റെ ആത്മാവിനെയും പരസ്പരം മാറ്റത്തക്കവിധം ഉപയോഗിച്ചിരിക്കുന്നു
  - കർത്താവിനുവേണ്ടി നാം എന്തു തരം വേല ചെയ്യുന്നു എന്നത് നാം എന്തുതരം ആത്മാവിനാൽ നടത്തപ്പെടുകയും, വഴികാട്ടപ്പെടുകയും, നിർദേശിക്കപ്പെടുകയും, സംരചിക്കപ്പെടുകയും ചെയ്യുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു.
  - സർവവും-ഉൾക്കൊള്ളുന്ന ആത്മാവ് നമ്മുടെ സംരചനയായിത്തീരുമ്പോൾ, നമ്മുടെ വേല ഈ ആത്മാവിന്റെ ആവിഷ്കാരമായിരിക്കും
- ദൈവം സഭയെ "തന്റെ സ്വന്തം രക്തം മുഖാന്തരം നേടി”
  - ജഡാവതാരത്തിലൂടെ സ്രഷ്ടാവും നിത്യനുമായ നമ്മുടെ ദൈവം മനുഷ്യനുമായി ഇഴുകിച്ചേർന്നവനായി അവൻ രക്തമുള്ളവനും നമുക്കുവേണ്ടി മരിക്കുവാൻ പ്രാപ്തനുമായ ഒരു ദൈവ-മനുഷ്യനായിത്തീർന്നു
  - അവൻ ചൊരിഞ്ഞ രക്തം മനുഷ്യനായ യേശുവിന്റെ രക്തം മാത്രമല്ല, ദൈവ-മനുഷ്യന്റെ രക്തവും കൂടിയായിരുന്നു. അതുകൊണ്ട്, ദൈവം സഭയെ നേടിയ അവന്റെ രക്തം "അവന്റെ സ്വന്തം രക്തമാണ്"

## യേശുവിന്റെ ആത്മാവ്

**II. യേശുവിന്റെ ആത്മാവ് തന്റെ മനുഷ്യത്വത്തിൽ മനുഷ്യജീവിതത്തിലൂടെയും ക്രൂശിലെ മരണത്തിലൂടെയും കടന്നുപോയ ജഡാവതാരമെടുത്ത യേശു എന്ന രക്ഷകന്റെ ആത്മാവിനെ സൂചിപ്പിക്കുന്നു**

- യേശുവിന്റെ ആത്മാവിൽ ദൈവത്തിന്റെ ദിവ്യ മൂലകം മാത്രമല്ല, യേശുവിന്റെ മാനുഷിക മൂലകവും അവന്റെ മനുഷ്യജീവിതത്തിന്റെ മൂലകങ്ങളും അവന്റെ മരണത്തിന്റെ കഷ്ടതകളും ഉണ്ട്
- യേശുവിന്റെ ആത്മാവ്, നാം ശരിയായ മനുഷ്യജീവിതം നയിക്കുകയും അതിന്റെ കഷ്ടങ്ങൾ സഹിക്കുകയും ചെയ്യത്തക്കവണ്ണം തന്നിലുള്ള മനുഷ്യത്വത്തോടുകൂടിയ മനുഷ്യനായ യേശുവിന്റെ ആത്മാവാണ്
- പരിശുദ്ധാത്മാവിൽ കർത്താവായ യേശുവിന്റെ ജഡാവതാരവും ജനനവും മാത്രമേ ഉൾപ്പെടുന്നുള്ളൂ; യേശുവിന്റെ ആത്മാവിൽ അവന്റെ മനുഷ്യത്വവും, മനുഷ്യജീവിതവും, സർവവും-ഉൾക്കൊള്ളുന്ന മരണവും, ജീവൻ-പകരുന്ന പുനരുത്ഥാനവും, ആരോഹണവും ഉൾപ്പെടുന്നു
- നമുക്ക് യേശുവിന്റെ ആത്മാവില്ലെങ്കിൽ, യേശു നമുക്ക് യഥാർഥമായിരിക്കുകയില്ല.

## ദൈവരാജ്യം

**III. പ്രവൃത്തികളിൽ അപ്പൊസ്തലന്മാരുടെ പ്രസംഗത്തിന്റെ പ്രധാന വിഷയം ദൈവരാജ്യമാണ്**

- ഉയിർത്തെഴുന്നേറ്റ ക്രിസ്തു, അപ്പൊസ്തലന്മാർക്കുള്ള തന്റെ പ്രത്യക്ഷതയിൽ, നാല്പത് നാളോളം “ദൈവരാജ്യത്തെ സംബന്ധിച്ച കാര്യങ്ങൾ” അവരോട് സംസാരിച്ചു എന്ന വസ്തുത സൂചിപ്പിക്കുന്നത്, പെന്തക്കോസ്തിനുശേഷമുള്ള അവരുടെ നിയോഗത്തിൽ രാജ്യമായിരിക്കും അപ്പൊസ്തലന്മാരുടെ പ്രസംഗത്തിന്റെ പ്രധാന വിഷയം എന്നാണ്
- പുതിയനിയമമനുസരിച്ച്, ദൈവരാജ്യം കാണുവാൻ കഴിയുന്ന ഒരു ഭൗതിക മണ്ഡലമല്ല; വാസ്തവത്തിൽ, ദൈവരാജ്യം, കർത്താവായ യേശു ക്രിസ്തു എന്ന വ്യക്തി തന്നെയാണ്
- സഭകളും ദൈവരാജ്യവും ഒരുമിച്ചു പോകുന്നു; ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രചരണത്താൽ ഉളവാക്കപ്പെട്ട സഭകൾ ഇന്ന് ഭൂമിയിലെ ദൈവരാജ്യമാണ്
  - സുവിശേഷങ്ങളിൽ ക്രിസ്തു രാജ്യത്തിന്റെ വിത്തായിരുന്നു; പ്രവൃത്തികളുടെ പുസ്തകത്തിൽ ദൈവരാജ്യമായ സഭകളെ ഉളവാക്കുവാൻ ഈ വിത്തിന്റെ പ്രചരണം നമുക്കുണ്ട്
- ദൈവരാജ്യമെന്നത് ദൈവം തന്റെ ജീവനിൽ ഭരിക്കുന്ന ഒരു മണ്ഡലം ഉളവാക്കുവാൻ തന്റെ വിശ്വാസികളിലേക്കുള്ള ജീവനായ ക്രിസ്തുവിന്റെ വികാസമാണ്
- അനേകം കഷ്ടതകളിലൂടെ നാം ദൈവരാജ്യത്തിൽ പ്രവേശിക്കേണ്ടതാണ്. ദൈവരാജ്യത്തിൽ പ്രവേശിക്കുകയെന്നാൽ രാജ്യമായ ക്രിസ്തുവിന്റെ പൂർണാസ്വാദനത്തിലേക്ക് പ്രവേശിക്കുക എന്നാണ്.
- ഭൂമിയിൽ ദൈവം തന്റെ രാജ്യം വ്യാപിപ്പിക്കുന്നതിനെതിരെ സാത്താൻ പോരാടുന്നുവെന്ന് പ്രവൃത്തികൾ 19-ൽ നാം കാണുന്നു; ക്രിസ്തുവിന്റെ പ്രചരണത്തിനായുള്ള പ്രബലമായ ശുശ്രൂഷ ദൈവത്തിന്റെ രാജ്യത്തിനുവേണ്ടിയുള്ള ഒരു പോരാട്ടം, ഒരു യുദ്ധം ആണ്
- പ്രവൃത്തികൾ 28:31-ലെ ദൈവരാജ്യത്തെക്കുറിച്ചുള്ള പൗലൊസിന്റെ പ്രഖ്യാപനം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രചരണമായിരുന്നു
  - ക്രിസ്തുവിനെ സംബന്ധിച്ച് പഠിപ്പിക്കുന്നത് ദൈവരാജ്യത്തെ പ്രചരിപ്പിക്കുന്നതാണ്; അതുകൊണ്ട്, ദൈവരാജ്യം വാസ്തവത്തിൽ ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ പ്രചരണമാണ്—ഈ പ്രക്രിയ ഇന്ന് വിശ്വാസികളിലൂടെ തുടർന്നും നിർവഹിക്കപ്പെട്ടുകൊണ്ടിരിക്കുന്നു